പ്രിയപ്പെട്ടവരെ,

വികേന്ദ്രീകൃത വികസനത്തിൽ ഒരു പുതുമ സൃഷ്ടിച്ച് ഇന്ത്യയിൽ ജനാധിപത്യപര മായ ഭരണ വികേന്ദ്രീകരണത്തിന് കേരളം അടിസ്ഥാനമിട്ടിരുന്നു. ഇതിനായി 1997 ൽ അധികാരവും സമ്പത്തും വൈദഗ്ദ്ധ്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. അതുവരെ താഴേ തട്ടിലേക്ക് എത്താതിരുന്ന വികസന ഫലങ്ങൾ ജനകീ യാസൂത്രണ പ്രസ്ഥാനം വഴി ജനങ്ങളിലേക്ക് നേരിട്ട് എത്താൻ തുടങ്ങി. മുൻകാലങ്ങ ളിലെ പ്രവർത്തനം വഴി തദ്ദേശസ്ഥാപനങ്ങളെ തദ്ദേശീയമായ ആവശ്യങ്ങളോട് പ്രതിക രണക്ഷമതയുള്ള ഇടങ്ങളാക്കി മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. ഈ സാഹചര്യത്തിൽ സുസ്ഥിര വികസനം ലക്ഷ്യമാക്കി 2025-26 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. 14-ാം പഞ്ചവ ത്സരപദ്ധതിലെ 4-ാം വാർഷിക പദ്ധതിയുടെ ഭാഗമായുള്ള 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരണം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നിലവിലുള്ള തദ്ദേശഭരണസമി തികളുടെ കാലാവധി 2025 നവംബർ മാസത്തോടെ അവസാനിക്കും എന്നുള്ളതിനാൽ കാലേകൂട്ടി പദ്ധതികൾക്ക് രൂപം നൽകി, ആരംഭിച്ച്, തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭി ക്കുന്നതിന് മുന്നേ തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. പദ്ധതി അംഗീകാരം ജനുവരി യിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് സർക്കാർ ഉത്ത രവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 2025-26 വർഷത്തേക്കുള്ള ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് ബഹുമാന്യരായ നിങ്ങളോരോരുത്തരുടെയും വില യേറിയ നിർദ്ദേശങ്ങൾക്കും പരിഗണനയ്ക്കുമായി അവതരിപ്പിക്കുകയാണ്.

2024-25 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ഏകദേശം പൂർത്തീകരണ ഘട്ട ത്തിലാണ്. സാമ്പത്തിക മാന്ദ്യം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനുള്ള ധീരപൂർവ്വമായ ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. നിർവ്വഹണ ഉദ്യോസ്ഥരുടെ നിസ്വാർത്ഥമായ ശ്രമങ്ങളും ജനപ്രതിനിധികളുടെ സഹകരണവും കൊണ്ട് നടപ്പുവർഷത്തെ പദ്ധതി പണം 58.96 ശതമാനത്തോളം ചിലവഴിച്ചിട്ടുണ്ട്. പ്രഖ്യാ പിത ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഏവരുടെയും നിസ്സീമമായ സഹ കരണം തുടർന്നും അഭ്യർത്ഥിക്കുകയാണ്.

നികുതി-നികുതിയേതര വരുമാനത്തിൽ പിന്നിലായ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗവൺമെന്റ് ഗ്രാന്റുകളും ഫണ്ടുകളും മാത്രം ആശ്രയിച്ച് പദ്ധതികൾ രൂപപ്പെടുത്തേ ണ്ടിവരുന്നു. പതിനാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിടുന്ന സവിശേഷ വികസന ലക്ഷ്യ ങ്ങളും മുൻഗണനകളും കണക്കാക്കി പ്രാദേശിക വികസന ലക്ഷ്യങ്ങളും കൂടി ചേർന്നുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. നിലവിലെ ഭരണസമിതിയുടെ അവസാ നപദ്ധതി എന്ന നിലയിൽ തുടങ്ങി വച്ച വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന തിന് ആദ്യപരിഗണന നൽകേണ്ടതുണ്ട്. 2025 നവംബറിന് മുൻപ് പൂർത്തീകരിക്കാൻ കഴിയുന്ന അത്യാവശ്യമുള്ളതും ഫലപ്രാപ്തിയുള്ളതുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കും.

ഗവൺമെന്റിൽ നിന്നും അനുവദിക്കുന്ന പദ്ധതി വിഹിതം കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത്ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡിതരം), കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം, ജനറൽ പർപ്പസ്ഫണ്ട്, സംയോജിത സംയുക്ത പദ്ധതികൾക്കുള്ള വിഹിതം എന്നിവ ഉൾപ്പെടുത്തി എല്ലാ മേഖലകളിലും അവശ്യം ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നമുക്ക് ഒരുമിച്ച് ശ്രമിക്കാം. എല്ലാ വിഭാഗം ജനങ്ങളിലേക്കും ലഭ്യമായ ഫണ്ട് എത്തിക്കുവാനുള്ള ശ്രമങ്ങൾ ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യ പദ്ധതികൾ തയ്യാറാക്കുന്നതിന് മിക്കവാറും മേഖലകളിലെല്ലാം ബ്ലോക്ക് പഞ്ചായത്തിന് പരിമിതികൾ ഉണ്ടെന്ന് അറിയാമല്ലോ. നമുക്കുള്ള വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒത്തൊരുമയോടെ നടപ്പാക്കാം. വിവിധ മേഖലകളിലേക്കുള്ള വകയിരുത്തലുകൾ സൂഷ്മ പരിശോധനയ്ക്കായി സമർപ്പിച്ചുകൊണ്ട് 14-ാം പഞ്ചവത്സര പദ്ധതിയുടെ 4-ാം വാർഷിക പദ്ധതിയുടെയും ഈ ഭരണസമിതിയുടെ അവസാനത്തേതുമായ വകയിരുത്തലുകൾ അംഗീകാരത്തിനായി സമർപ്പിക്കുകയാണ്.

2025-26 സാമ്പത്തിക വർഷത്തിൽ 34296000/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിലും 34931000/- രൂപ പട്ടികജാതി വികസനത്തിനും 12189000/- രൂപ കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലും. ഹെൽത്ത് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തനത് വരുമാനം, ബാങ്ക് പലിശകൾ എന്നിവ ഉൾപ്പെടെ **25,23,25,128/- രൂപ വരവും 25,14,58,128/- ചിലവും** 867000/- രൂപ മിച്ചവും പ്രതീക്ഷിക്കുന്നു. 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് ബഹുമാന്യരായ നിങ്ങളുടെ വിലയിരുത്തലിനും പുതിയ നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

1. പൊതുഭരണം ധനകാര്യം

ബ്ലോക്ക് പഞ്ചായത്തുകളും അനുബന്ധ സ്ഥാപനങ്ങളും സേവനസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ജനങ്ങളിലേക്ക് നേരിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ സേവനങ്ങൾ വേഗത്തിലും ഫലപ്രദമായും എത്തിക്കുന്നതിന് ഈ മേഖലയിൽ വകയിരുത്തലുകൾ അനിവാര്യമാണ്. പൊതുജനസൗകര്യാർത്ഥം ബ്ലോക്ക് ഇൻഫർമേഷൻ സെന്ററും സൈൻ ബോഡുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും, ആധുനിക റിക്കാർഡ് റൂം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസന പദ്ധതികൾ ഈ മേഖലയിൽ ലക്ഷ്യമിടുന്നുണ്ട്.

2. കൃഷിയും അനുബന്ധമേഖലകളും

കൃഷിയും അതിനോടനുബന്ധിച്ച മേഖലകളും ഒരു പുനരുജ്ജീവന പാത യിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭക്ഷ്യസ്വയംപര്യാപ്തമെന്ന സ്വപ്നം അതി വിദൂരമല്ല. കാർഷിക ഉല്പന്നങ്ങളുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി കേ രള കർഷകരെ കുറച്ചൊന്നുമല്ല പിന്നോട്ട് നയിക്കുന്നത്. ഈ മേഖലയിലെ മുന്നേറ്റത്തി നായി ചെറുധാന്യകൃഷി, ഇടവിളകൃഷി വനിതാ ഗ്രൂപ്പുകൾക്ക് ഇടവിളകൃഷി പ്രീമെട്രിക് ഹോസ്റ്റലിലെ സുരക്ഷിത ഭക്ഷണത്തിനായി പച്ചക്കറികൃഷി, ഓണക്കാല പച്ചക്കറികൃഷി ഗ്രൂപ്പുകൾക്ക് പൊതുസ്ഥലങ്ങളിൽ പച്ചക്കറി, പഴവർഗ്ഗകൃഷി തുടങ്ങി വിപുലങ്ങളായ പദ്ധതികൾ ഈ വർഷം ലക്ഷ്യമിടുന്നുണ്ട്. ഇതിലേക്കായി 23.20 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ബഡ്ജറ്റ് വർഷം നടപ്പാക്കും.

3. മൃഗസംരക്ഷണം ക്ഷീര വികസനം

ഈ മേഖലയിൽ മുൻവർഷങ്ങളിലെ പോലെ ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാ കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പാലിന് സബ്സിഡി, ജൈവവള നിർമ്മാണം, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ക്ഷീരകർഷകർക്ക് പശുവും കാലി ത്തൊഴുത്തും, ബ്ലോക്ക് എ.ബി.സി പ്രോഗ്രാം, മൊബൈൽ വെറ്ററിനറി ക്ലിനിക്ക്, മിനി ഡയറി ഫാം ആധുനിക വത്ക്കരണം, ക്ഷീരകർഷകർക്ക് കറവയന്ത്രം, തീറ്റപ്പുൽകൃഷി നടീൽ വസ്തു വിതരണം തുടങ്ങി വിവിധ പദ്ധതികൾ 2025-26 വർഷം ലക്ഷ്യമിടുന്നു. ഈ പദ്ധതികൾക്കായി 53.70 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

4. പ്രാദേശിക സാമ്പത്തിക വികസനം

2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി വിജ്ഞാനകേരളം പദ്ധതിയിൽ ഉൾപ്പെ ടുത്തി നോളഡ്ജ് ഇക്കോണോമിക് മിഷനുമായി ചേർന്ന് നടപ്പിലാക്കിയ ജോബ് സ്റ്റേഷന്റെ പ്രവർത്തനം ഈ മേഖലയിൽ വൻകുതിപ്പായി തീരും. ജില്ലയിലെ ആദ്യത്തെ പ്രസ്തുത സംരംഭം നമുക്ക് അഭിമാനകരമായി തീരുമെന്ന് കരുതുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി ചെറുകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്ന തിന് ഈ വർഷം ലക്ഷ്യമിടുന്നുണ്ട്. നിലവിൽ ബ്ലോക്ക് ഏരിയായിലുള്ള സംരംഭ കർക്ക് തുടർ പ്രവർത്തനങ്ങൾക്ക് സഹായം ആവശ്യമാണ്. പ്രാദേശിക സംരംഭകർക്ക് വിപണി സൗകര്യം ഗ്രൂപ്പ് സംരംഭകർക്ക് ധനസഹായം, ചാണകം സംസ്ക്കരിച്ച് ജൈവ വളമാക്കുന്ന യൂണിറ്റ് തുടങ്ങി വിവിധങ്ങളായ നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ ലക്ഷ്യ മിടുന്നുണ്ട്. താലൂക്ക് വ്യവസായ ഓഫീസ് തുടങ്ങുന്നതിന് ഗവൺമെന്റിനോട് അഭ്യർത്ഥി ക്കും. അങ്ങനെ ഈ മേഖലയിൽ 21 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾ ആണ് പരിഗണ നയിലുള്ളത്.

5. ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യലഘൂകരണമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പരമോന്നത ലക്ഷ്യം. സ്ത്രീശാക്തീകരണത്തോടൊപ്പം സാമൂഹിക സാമ്പത്തിക വികസനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുകയും അതുമൂലം ദാരിദ്ര്യലഘൂകരണം പ്രാവർത്തികമാക്കുക എന്നതിൽ അധിഷ്ടിതമായ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷം പി.എം.എ.വൈ (ജി) ടാർജറ്റ് 1941 ആണ്. നാളിതുവരെ ഇതിൽ 406 ഗുണഭോക്താക്കൾ കരാർ വച്ചിട്ടുണ്ട്. ഇതിന് മാത്രം 16 കോടിയോളം രൂപ ആവശ്യമാണ്. ടാർജറ്റ് പ്രകാരമുള്ള ഭീമമായ തുക കണ്ടെത്തുന്നതിന് ഗവൺമെന്റ് നിർദ്ദേശങ്ങൾ തുടർന്നും ലഭിക്കുമെന്ന് കരുതാം. ഘട്ടം ഘട്ടമായി എല്ലാ ഗുണഭോക്താക്കളിലേക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ തുടങ്ങിയ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കും. ഇ.പി.ഇ.പി പ്രോജക്ട് പ്രകാരം ദരിദ്രരെ കണ്ടെത്തി അവരുടെ പുനരധിവാസം നടപ്പാക്കുകയെന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് ആക്കം കൂട്ടുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. മറ്റ് സംയോജിത/സംയുക്ത പദ്ധതികൾക്കുമായി 16.25 കോടി രൂപ നീക്കിവയ്ക്കുന്നു.

6. സാമൂഹ്യക്ഷേമം

ഈ മേഖലയിൽ നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പദ്ധതികളിൽ 75% പൂർത്തീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, പനിനീർപൂവിനെ വരവേൽക്കാം, ആശ്രയപദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, അതിദാരിദ്ര്യം അതിജീവനം ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം നൽകൽ, ജനകീയ ഹോട്ടൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം നൽകൽ, തുടർസാക്ഷരതാ തുല്യത പരീക്ഷയ്ക്കുള്ള ഫീസ് ഒടുക്കൽ, വയോജന കലോത്സവം പോലെയുള്ള നൂതന പദ്ധതികളും പരിഗണനയിലുണ്ട്. ഈ മേഖലയിൽ 1.18 കോടി രൂപയുടെ വികസന പരിപാടികളാണ് ബഡ്ജറ്റ് വർഷം ലക്ഷ്യമിടുന്നത്.

7. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടും ശിശുക്ഷേമപദ്ധതികൾക്കുമായി എല്ലാവർഷവും നമ്മൾ മുന്തിയ പരിഗണന നൽകി പ്രോജകടുകൾ നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് വഴിയും മറ്റെല്ലാ വകുപ്പുകളിലും സ്ത്രീ ശിശുസൗഹൃദ പദ്ധതികൾ പ്രാധാന്യത്തോടെ നടപ്പാക്കുന്നുണ്ട്. നമ്മുടെ **"പനിനീർപ്പൂവിനെ വരവേൽക്കാം"** പോലെയുള്ള ജനശ്രദ്ധ ആകർഷിക്കുന്ന ജനകീയ പദ്ധതികൾ ആലോചിച്ച് നടപ്പാക്കേണ്ടതുണ്ട്. അങ്കണവാടികളിലെ ശുദ്ധജലത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ, അനീമിയ ബാധിതർക്ക് പോഷകാഹാരം നൽകൽ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി കലാമേള, സ്മാർട്ട് അങ്കണവാടികൾ പോലെയുള്ള പദ്ധതികളും പരിഗണിക്കുന്നു.

8. പട്ടികജാതി വികസനം

നടപ്പ് സാമ്പത്തിക വർഷം ഈ മേഖലയിൽ വകയിരുത്തിയ 3.16 കോടി രൂപ യുടെ പദ്ധതികളിൽ 1.5 കോടി രൂപ നാളിതുവരെ ചിലവാക്കിയിട്ടുണ്ട്. ബാക്കി തുക കൂടി അടിയന്തിരമായി ചിലവഴിക്കുന്നതിന് ശ്രമങ്ങൾ ഭരണസമിതി നടത്തുന്നുണ്ട്. ഉന്ന തിയുടെ അടിസ്ഥാന സൗകര്യവികസനം, വിദ്യാർത്ഥികൾക്ക് പഠനോപകരണം, പഠന മുറി, ശാസ്താംകോട്ട പ്രീമെട്രിക് ഹോസ്റ്റലിൽ മൾട്ടി പർപ്പസ് സ്പോർട്സ് കോർട്ട് തുടങ്ങി വിവിധ പദ്ധതികൾക്കായി 1.26 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കും. പട്ടിക ജാതി ഭവനനിർമ്മാണം കൂടാതെയുള്ള വകയിരുത്തലാണിത്.

9. ആരോഗ്യം

ലോകോത്തര നിലവാരത്തിലേക്ക് നമ്മുടെ ആരോഗ്യസ്ഥാപനങ്ങളെ ഉയർത്തുക എന്നത് ഗവൺമെന്റിന്റെ ലക്ഷ്യമാണല്ലോ. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഒരു താലൂക്ക് ആശുപത്രിയുടെയും 2 സാമൂഹിക ആരോഗ്യകേന്ദ്രങ്ങളുടെയും പ്രവർത്തന ങ്ങൾക്കും ആരോഗ്യമേഖലയിലെ വിവിധ പദ്ധതികളുമായി നമ്മൾ എല്ലാ വർഷവും ഭീമ മായ തുക വകയിരുത്തുന്നുണ്ട്. എങ്കിലും മേൽസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുമാണ്. എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് താലൂക്ക് ആശുപത്രിയിൽ പൂർത്തിയായ ഐ.സി.യു യൂണിറ്റ് ഈ മേഖലയിൽ ശ്രദ്ധേയ മായ നേട്ടമാണ്. കൂടാതെ 6 കോടിരൂപ അടങ്കൽ ചെലവിൽ താലൂക്ക് ആശുപത്രിയിലെ **"അമ്മയും കുഞ്ഞും"** ബ്ലോക്കിന്റെ നിർമ്മാണത്തിനായി 6 കോടി രൂപ എൻ.എച്ച്.എം ഫണ്ടായും ലഭിക്കും. ബാക്കിയുള്ള 2 കോടിരൂപ അനുവദിക്കുന്നതിന് നമ്മുടെ പ്രിയങ്കരനായ എം.എൽ.എ ശ്രീ.കോവൂർകുഞ്ഞുമോൻ പ്രഖ്യാപനം നടത്തിയിട്ടുള്ള വിവരം എല്ലാവരേയും അറിയിക്കുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും മരുന്ന്/ലാബ് റീ ഏജന്റ്, പാലിയേറ്റീവ് പരിചരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി ജനക്ഷേമകരങ്ങളായ വിവിധ പ്രോജക്ടുകൾക്കായി 1.96 കോടി രൂപയുടെ വിഹിതം ഇതിനായി മാറ്റി വയ്ക്കുന്നു.

10. കുടിവെള്ളം ശുചിത്വം

കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം നമ്മുടെ ബ്ലോക്ക് അതിൽത്തിയിൽ സ്ഥിതി ചെയ്യുന്നു. തടാകത്തിന്റെ മലിനീക രണം വലിയ വെല്ലുവിളിയായി തുടരുന്നു. കുടിവെള്ളത്തിന്റെ ദൗർലഭ്യം, സുരക്ഷിത മായ സാനിട്ടറി സൗകര്യങ്ങളുടെ അഭാവം, അശാസ്ത്രീയമായ ഖരദ്രവ മാലിന്യ പരി പാലനം എന്നിവ ഈ രംഗത്ത് മുഖ്യപ്രശ്നങ്ങളാണ്. വൃത്തിയും ശുചിത്വവുമുള്ള ഒരു ചുറ്റുപാടിന് മാത്രമെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുകയു ള്ളു. മാലിന്യ മുക്തം-നവകേരളം എന്ന പദ്ധതി ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ

ഇതിനകം തന്നെ നമ്മൾ നടപ്പാക്കി കഴിഞ്ഞു. പ്ലാസ്റ്റിക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നത് പോലെയുള്ള പദ്ധതികൾ നമ്മൾ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ഇതിനകം തന്നെ നടപ്പാക്കിയിട്ടുണ്ട്. സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, താലൂക്ക് ആശുപത്രിയിൽ ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കുടിവെള്ള വിതരണത്തിനായി ശാസ്താംകോട്ട മാർക്കറ്റിൽ സ്ഥാപിച്ച വാട്ടർ എ.റ്റി.എം കൾ മറ്റു സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ശാസ്താംകോട്ട തടാക പരിസരം മാലിന്യമുക്തമാക്കാൻ ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുജ്ജീവനം തുടങ്ങി വിവിധ പദ്ധതികൾ ഡ്രെയിനേജ് നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾക്കായി 39.5 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

11. വിദ്യാഭ്യാസം, കല, സംസ്ക്കാരം, യുവജനക്ഷേമം

കേരളോത്സവം പോലെ വർഷാവർഷം നടപ്പാക്കുന്ന പദ്ധതികൾ നമ്മുടെ ഗ്രാമങ്ങളിലെ കലാകായിക പ്രതിഭകൾക്ക് എന്നും പ്രചോദനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ മാത്രമല്ലാതെ ഗ്രാമീണ മേഖലകളിൽ നിന്നുള്ള കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വജ്രജൂബിലി സ്കോളർഷിപ്പ് പോലെയുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തി പ്രവൃത്തി പദത്തിലെത്തിക്കേണ്ടതുണ്ട്. നടപ്പ് സാമ്പത്തിക വർഷം 98 ഗ്രന്ഥശാലകൾക്ക് വിവിധ ഉപകരണങ്ങൾ നൽകി. തുടർ വർഷങ്ങളിലും ഇതിനായി തുക നീക്കിവയ്ക്കും. ബ്ലോക്ക് റഫറൻസ് ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് ഗ്രാമീണ ഗ്രന്ഥശാലകൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുല്യത പരീക്ഷകൾക്കുള്ള വിഹിതമായും കേരളോത്സവം പോലെയുള്ള പദ്ധതികൾ, കലാകായിക വികസന പദ്ധതികൾ എന്നിവയ്ക്കായി15.5 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കും.

12. പൊതുമരാമത്ത്

പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുക്കുന്നതു വഴി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മേഖലകളിലേക്കും വികസന പദ്ധതികൾ എത്തിക്കുന്നതിന് കഴിയുമെന്ന് കരുതുന്നു. വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കെട്ടിട നിർമ്മാണങ്ങൾ/റോഡുകൾ/ഡ്രെയിനേജുകൾ തുടങ്ങിയവ ഇനിയും നടപ്പാക്കും. എം.എൽ.എ-എസ്.ഡി.എഫ്, എം.എൽ.എ-എ.ഡി.എസ്, എം.പി.എൽ.എ.ഡി, വെള്ളപ്പൊക്ക ദുരിതാശ്വാസം തുടങ്ങി കേന്ദ്ര സംസ്ഥാന പദ്ധിതകളും ഈ മേഖലയിൽ വികസനത്തിന് ആക്കം കൂട്ടും. ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭയിലും കർമ്മസമിതിയിലും ഉയർന്ന വിപുലങ്ങളായ നിർദ്ദേശങ്ങൾ പരിഗണിച്ച് നടപ്പാക്കുന്നതിനായി 1.37 കോടി രൂപയുടെ പദ്ധതി വിഹിതം ഇതിനായി ചിലവഴിക്കും.

13. ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം - കാലാസ്ഥാവ്യതിയാനം

മുൻ വർഷങ്ങളിൽ നാം നേരിട്ട പ്രകൃതി ദുരന്തങ്ങളിൽ നിന്നും ഇനിയും പാഠങ്ങൾ ഉൾക്കൊണ്ട് മുൻകരുതലുകൾ നടത്തുന്നതിൽ നമ്മൾ എന്നും വിമുഖരാണ്. ദുരന്തങ്ങൾ എത്തുമ്പോൾ മാത്രമുള്ള പഠനങ്ങളും നിർദ്ദേശങ്ങളും അടുത്ത ദുരന്തം എത്തുന്നതുവരെ കടലാസുകളിലും ചർച്ചകളിലും ഒതുങ്ങുകയാണ് പതിവ്. പരിസ്ഥിതി സംരക്ഷണം ജൈവ വൈവിധ്യ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി ദുരന്തസേനകൾ രൂപീകരിച്ച് പരിശീലനം നൽകൽ, കാർബൺ ന്യൂട്രൽ ബ്ലോക്ക് പഞ്ചായത്താക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ പരിസ്ഥിതി സംരക്ഷത്തിനായും ദുരന്ത നിവാരണത്തിനായും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് നൂതനങ്ങളായ പദ്ധതികൾ നടപ്പിലാക്കും.

ഉപസംഹാരം

വിവിധ വിഷയമേഖലയിലെ വിലയിരുത്തൽ ഏകദേശം കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. മറ്റ് ബ്ലോക്കുകളെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ ഒരു താലൂക്ക് ആശുപത്രി ഉൾപ്പെടെ മൂന്ന് സ്ഥാപനങ്ങൾ ഉള്ളതിനാൽ ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവശ്യമാണ്. ദാരിദ്ര്യ ലഘൂകരണം, അടിസ്ഥാന സൗകര്യ വികസനം, ശുചിത്വം തുടങ്ങിയ മേഖലകളിലും പ്രാധാന്യമേറിയ വകയിരുത്തലുകൾ ആവശ്യമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും സഹകരണങ്ങൾ പൂർവ്വാധികം പരിഗണനകളോടെ ലഭിക്കുമെന്ന് പ്രതീക്ഷയുണ്ട്. എല്ലാ വിഷയമേഖലകളെയും പരിഗണിച്ച് ലഭ്യമായ ഫണ്ട് ഉപയോഗിച്ചുള്ള വകയിരുത്തലുകളാണ് നടത്തിയിട്ടുള്ളത്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രമിക്കും. എല്ലാ വിഭാഗം ജനങ്ങൾക്കും വികസന മെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഈ ബഡ്ജറ്റ് ബഹുമാന്യരായ അംഗങ്ങളുടെ സജീവ പരിഗണനയ്ക്കും ചർച്ചയ്ക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

പി.പുഷ്പകുമാരി
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ